# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ. 447/റിക്രൂ/2021/കെ.ഡി.ആർ.ബി — തീയതി : 06.07.2021

## <u>അറിയിപ്പ്</u>

ഗുരുവായൂർ ദേവസ്വത്തിലെ എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് 13.04.2021-ൽ പ്രസിദ്ധീകരിച്ച സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് **19.07.2021, 21.07.2021, 22.07.2021, 23.07.2021** എന്നീ തീയതികളിലായി നടത്തുന്ന സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട അറിയിപ്പ്:-

**I. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളുമായി നേരിട്ട് ഹാജരാക്കേണ്ടതാണ്.**

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
2. വിദ്യാഭ്യാസ യോഗ്യത (പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കിറ്റ്.
3. തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും (വോട്ടേഴ്സ് ഐ.ഡി. കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, പാൻകാർഡ് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന്)
4. ഭിന്നശേഷിക്കാർ മെഡിക്കൽ ബോർഡ് നൽകുന്ന അസ്സൽ സർട്ടിഫിക്കറ്റ്.
5. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്.
6. ജാതി സംവരണത്തിന് അർഹതയുള്ള മറ്റു പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ 26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC)
7. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നയാളാണെങ്കിൽ (Economically Weaker Sections) 18.11.2019 ലെ GO (P) 79/2019/RD പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ).

II. (1) **സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ അസ്സൽ പ്രമാണങ്ങൾ സഹിതം ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.**

(2) **പ്രമാണങ്ങളുടെ ശരിപ്പകർപ്പുകൾ ഒന്നും തന്നെ ഇതുവരെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ഹാജരാക്കിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ദിവസം പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം നേരിട്ട് ഹാജരാകാത്ത പക്ഷം പ്രസ്തുത ഉദ്യോഗാർത്ഥിയുടെ പേര് ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.**

(3) **സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള EWS വിഭാഗക്കാർ / മറ്റു പിന്നാക്ക വിഭാഗക്കാർ / പട്ടിക ജാതി – പട്ടിക വർഗ്ഗ വിഭാഗക്കാർ എന്നിവർ യഥാക്രമം നിർദ്ദിഷ്ട EWS സർട്ടിഫിക്കറ്റ് / NCLC / സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം അവരുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.**

(4) **മതം/ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.**

**(5)** കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിശദവിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്